**<u>കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവ്</u>**

<u>(ഹാജർ: Sreekumar A</u>

RCS/4929/2026-EM(5)

തിരുവനന്തപുരം,
തീയതി: 22-09-2026

വിഷയം: സഹകരണ വകുപ്പ് - ചരിത്ര പ്രസിദ്ധമായ ഓച്ചിറ 28-ാം ഓണാഘോഷത്തോടനുബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ നിന്ത്രണത്തിൽ വരുന്നതും എൻ.ഐ. ആക്ടിന്റെ പരിധിയിൽ പെടാത്തതുമായ സഹകരണ സ്ഥാപനങ്ങൾക്ക് 23.09.2026-ന് പ്രാദേശിക അവധി പ്രഖ്യാപിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം: സർക്കാരിന്റെ പൊതുഭരണ (ഏകോപനം ) വകുപ്പിന്റെ 21.09.2026-ലെ സ.ഉ.(സാധാ)നം.6578/2026/GAD നം. ഉത്തരവ്.

ചരിത്രപ്രസിദ്ധമായ **ഓച്ചിറ** 28-ാം ഓണാഘോഷത്തോടനുബന്ധിച്ച് 2026 **സെപ്റ്റംബർ 23-ാം തീയതി ബുധനാഴ്ച** കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിനും, ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകളിലും ഉൾപ്പെടുന്ന എല്ലാ സർക്കാർ ആഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പരാമർശം പ്രകാരം സർക്കാർ **പ്രാദേശിക അവധി** അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത അവധി കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിനും, ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകളിലെ സഹകരണ സ്ഥാപനങ്ങൾക്കും കൂടി ബാധകമാക്കി ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

## <u>ഉത്തരവ്</u>

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്നതും എൻ.ഐ ആക്ടിന്റെ പരിധിയിൽ പെടാത്തതുമായ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്ക്, ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകളിലും ഉൾപ്പെടുന്ന എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും **<u>2026 സെപ്റ്റംബർ 23-ാം തീയതി ബുധനാഴ്ച പ്രാദേശിക അവധി</u>** അനുവദിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)

Sreekumar A
**സഹകരണ സംഘം രജിസ്ട്രാർ( I/C )**

__പകർപ്പ്__

1. കരുനാഗപ്പള്ളി കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകളിലെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ )മുഖേന

2. ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൊല്ലം,ആലപ്പുഴ

3. സഹകരണ ആഡിറ്റ് ഡയറക്ടർ

4. ജില്ല ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) കൊല്ലം,ആലപ്പുഴ

5. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) / അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്), കരുനാഗപ്പള്ളി കാർത്തികപ്പള്ളി, മാവേലിക്കര.

6.സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്

7. സ്റ്റോക്ക് ഫയൽ

8.വെബ് സൈറ്റ്

ആജ്ഞാനുസരണം

Digitally signed by
Sanilkumar S
Date: 22-09-2026
13:08:21

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ. എം)